(1)	(2)	(3)
21	പുത്തിഗെ	പെർണ, ബാസ്മൂർ
22	തൃക്കരിപ്പൂർ	ഇളമ്പച്ചി
23	ഉദുമ	കരിപ്പോടി, നാലാംവാതുക്കൽ, കോടികടപ്പുറം
24	വലിയപറമ്പ	പടന്ന കടപ്പുറം
25	വോർക്കാടി	അരിബെയിൽ
26	എൻമകജെ	തളിക്കുണ്ട്, ബജകുട് ലു, കാട്ടുമുക്ക്.

മുനിസിപ്പാലിറ്റികളിലെ പൊതുശ്മശാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വരുന്നു.

(സി) കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ 1998 പ്രകാരം പുതിയ ശ്മശാനങ്ങൾ അനുവദിക്കുന്നുണ്ട്.

ടൗൺ ആന്റ് കൺട്രി പ്ലാനിംഗ്

263 (3550) ശ്രീ. എ. കെ. ബാലൻ :താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് എന്ന പുതിയ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) ആസൂത്രണ ബോർഡ് ഈ സംവിധാനം ശിപാർശ ചെയ്തിട്ടുണ്ടോ ;

(ഡി) ഈ സംവിധാനം നിലവിൽ വന്നാൽ നിലവിൽ പ്രവർത്തിക്കുന്ന ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്ക് പ്രസക്തിയുണ്ടോ ;

(ഇ) പുതിയ ഈ സംവിധാനം നടപ്പിലാക്കുന്നതിന് മുമ്പ് രാഷ്ട്രീയ പാർട്ടികളുമായോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ചർച്ച ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. കേരളാ ഗവർണർ 2014 ജൂലൈ 20-ാം തീയതി

LIBRARY ARCHIVES Kerala Legislative Assembly

ദി കേരളാ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2014 (ഓർഡിനൻസ് 16/2014) വിളംബരപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിജ്ഞാപനം (2014 ജൂലൈ 20-ലെ 19904/ലെഗ്.സി1/2013/നിയമം നമ്പരായുള്ളത്) 1859-ാം നമ്പരായിട്ടുള്ള 2014 ജൂലൈ 20-ലെ കേരള ഗസറ്റ് (അസാധാരണം)-ൽ ആധികാരികമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 1 സംസ്ഥാനത്തെ നഗരങ്ങളിലെയും ഗ്രാമങ്ങിലെയും ഭൂമിയുടെ സ്ഥലസംബന്ധമായ ആസൂത്രണത്തിനും വികസനത്തിനും ഉപയോഗത്തിനും വേണ്ടിയുള്ള നയരൂപികരണം സംബന്ധിച്ച കാര്യങ്ങളിന്മേൽ സർക്കാരിനെ ഉപദേശം നൽകുക.

2 ജില്ലാ ആസൂത്രണ കമ്മിറ്റികളും, മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികളും, ഏതെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് സ്പേഷ്യൽ പ്ലാനിങ്ങ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശവും ഉപദേശവും നൽകുക.

3 സംസ്ഥാനത്തിനുവേണ്ടിയുള്ള ദീർഘവീക്ഷണ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും അർദ്ധ സർക്കാർ ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്ഥലസംബന്ധമായ ആസൂത്രണവും വികസനപ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക, ടൗൺ ആന്റ് കൺട്രി പ്ലാനിങ്ങ് ഓർഡിനൻസിന്റെ കീഴിലുള്ള സംസ്ഥാന ദീർഘവീക്ഷണപ്ലാൻ തയ്യാറാക്കുക. എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

(സി) ഇല്ല.

(ഡി) ജില്ലാ പ്ലാനിംഗ് ഓഫീസുകളുടെ പ്രസക്തിയെപ്പറ്റി ടി ഓർഡിനൻസിൽ പ്രതിപാദിക്കുന്നില്ല.

(ഇ) 2014 ഫെബ്രുവരി 11- ന് ദി കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് പുനർവിളംബരപ്പെടുത്തിയ ശേഷം, ടി ഓർഡിനൻസിന്റെ അനുകൂലവും പ്രതികൂലവുമായ വശങ്ങൾ (pros and cons) വിവിധ ഫോറങ്ങളിൽ ചർച്ച ചെയ്യുകയും; ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൗൺ പ്ലാനേഴ്സ് ഇന്ത്യയുടെ കേരളാ ചാപ്റ്റർ വിശദമായ റിവ്യൂ സമർപ്പിക്കുകയും, സർക്കാർ വിവിധ ചർച്ചകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ടി ഓർഡിനൻസിന്റെ (16/2014) കരട് തയ്യാറാക്കിയത്. തുടർന്ന് പുതിയ ഓർഡിനൻസ് ഗവർണർ വിളംബരപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly